(സി) സംസ്ഥാനത്ത് നിലവിൽ നാല് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഹോമിയോ ആശുപത്രികളോട് അനുബന്ധിച്ചാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നത്.

(ഡി) 2012-13 വാർഷിക പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്തും കോഴിക്കോട്ടും ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചത്. 2013-14 വാർഷിക പദ്ധതിയിൽ എറണാകുളത്തും കണ്ണൂരുംകൂടി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു. ഈ വർഷം (2015-16) വാർഷിക പദ്ധതി പ്രകാരം കൊല്ലത്തും മലപ്പുറത്തും പുതിയ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നു. തുടർന്ന് മറ്റ് ജില്ലകളിൽകൂടി വാർഷിക പദ്ധതി പ്രകാരം ഘട്ടംഘട്ടമായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നതും കാലക്രമേണ ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതുമാണ്.

കായത്തൊടി ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ

89 (4892) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായത്തൊടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കായത്തൊടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം

90 (4893) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിലെ ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 1 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശാന്തിപുരം അലോപ്പതി സബ് സെന്ററിന്റെ സ്ഥലം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി വിട്ടു നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭൂമി വിട്ടു നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിലെ ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി ജി.ഒ. (ആർ.റ്റി.)നം. 1655/ 2013/ ആ. ക.വ. തീയതി 15-5-2013 പ്രകാരം ശ്രീ. വി.എസ്. സുനിൽകുമാർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി&സി) ഉണ്ട്. ശാന്തിപുരം ആയുർവേദ ആശുപത്രിക്ക് തൊട്ടടുത്തുള്ള ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സബ്സെന്റർ കോമ്പൗണ്ടിൽ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയുർവ്വേദ-സിദ്ധ-യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരണം

91 (4894) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ആയുർവ്വേദ മരുന്ന് നിർമ്മാണശാലകളാണ് നിലവിലുള്ളത് ; പ്രസ്തുത മരുന്നുനിർമ്മാണശാലകളിൽ നിർമ്മിക്കുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയുർവ്വേദ - സിദ്ധ -യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിലവിലില്ലാത്തത് പ്രസ്തുത മരുന്നുകളുടെ ഗുണനിലവാര പരിശോധനയെ ബാധിക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly